പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3285 — 20.06.2014- ൽ മറുപടിക്ക്

വയോജന നയം

ചോദ്യം

ശ്രീ. എം.ഉമ്മർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ പ്രഖ്യാപിച്ച വയോജന നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | 60 വയസ്സിനു മുകളിൽ പ്രായമുള്ളവരെ ഉദ്ദേശിച്ചുള്ള വയോജന നയത്തിൽ മുതിരന്നവരുടെ ആരോഗ്യ സുരക്ഷ, സാമ്പത്തിക സുരക്ഷ, പെൻഷൻ, ഇൻഷുറൻസുകൾ എന്നിവ ലഭ്യമാക്കുക, ഗൃഹത്തിൽ തന്നെയുള്ള ശ്രദ്ധയും പരിചരണവും ഉറപ്പാക്കുക, മുതിർന്നവരെ ചൂഷണത്തിൽ നിന്നും പീഡനത്തിൽ നിന്നും സംരക്ഷിക്കുക എന്നിവയാണ് 2013-ലെ വയോജന നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) | ഇതു ഫലപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | സാമ്പത്തിക ആരോഗ്യ ക്ഷേമങ്ങൾ, തൊഴിലവസരങ്ങൾ, നിയമപരമായ സംരക്ഷണം എന്നിങ്ങനെ വയോജന നയത്തിൽ ലഭ്യമായിട്ടുള്ള എല്ലാ കർമ്മ പദ്ധതികളും നടപ്പിലാക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും, ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (സി) | വൃദ്ധ സദനങ്ങളിലും അഗതി മന്ദിരങ്ങളിലും പ്രവേശിപ്പിക്കപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്? | (സി) | വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആഹാരം, മരുന്ന്, വസ്ത്രം എന്നിവ നൽകുന്നുണ്ട്. ഒരു അന്തേവാസിയ്ക്ക് 750/- രൂപ ആഹാരത്തിനും, 300/- രൂപ മരുന്നിനും പ്രതിമാസം നൽകുന്നുണ്ട്. നഴ്സ്, ഡോക്ടർമാർ, കെയർഗിവർമാർ എന്നിവരുടെ സേവനവും നൽകി വരുന്നു. അതോടൊപ്പം വിനോദോപാധികളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ